പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3747 15-12-2014-ൽ മറുപടിയ്ക്ക്

## മദ്യനയം പ്രഖ്യാപിക്കുന്നതിലുണ്ടായ കാലതാമസം

ചോദ്യം: ഉത്തരം:

ശ്രീ. എളമരം കരീം
ശ്രീ. ടി.എം. തോമസ് ഐസക്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

<table>
<tr><td>(എ)</td><td>സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൻെറയടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകൾ നാലാം വർഷത്തിൽ പോലും അടച്ചുപൂട്ടാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്;</td><td>(എ)</td><td>ബാറുകൾ അടച്ചുപൂട്ടാൻ ഉത്തരവായത് 2014-15 വർഷത്തെ അബ്കാരി നയം അനുസരിച്ചാണ്. ആയതിൻെറ അടിസ്ഥാനത്തിൽ അടച്ചുപൂട്ടുവാൻ ഉത്തരവായ ബാർ ഹോട്ടലുകൾ ഇപ്പോഴും തുറന്നു പ്രവർത്തിക്കുന്നത് കോടതി ഉത്തരവിൻെറ അടിസ്ഥാനത്തിൽ മാത്രമാണ്.</td></tr>
<tr><td>(ബി)</td><td>സർക്കാരിൻെറ മദ്യനയം ചോദ്യം ചെയ്തുകൊണ്ട് ബാറുടമകൾ നൽകിയ ഹർജികളിൽ കോടതിയിൽ നിന്നുണ്ടായ വിധിന്യായം എന്തായിരുന്നുവെന്ന് വിശ്ദമാക്കാമോ;</td><td rowspan="2">(ബി) യും (സി) യും</td><td rowspan="2">12.2.2014-ലെ ജി.ഒ.(എം.എസ്)22/2014/നി.വ പ്രകാരം കള്ള്ചെത്ത് വ്യവസായ മേഖലയ്ക്കുള്ള 2014-15 വർഷത്തെ അബ്കാരി നയം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നയം കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല.<br>തുടർന്ന് 22.8.2014-ലെ ജി.ഒ.(എം.എസ്) 139/2014/നി.വ പ്രകാരം 5.3.2014-ലെ ബഹു. സുപ്രീം കോടതിയുടെ സി.എ. നമ്പർ 3196, 3198/2014 കേസിലെ വിധിയുടേയും, സമഗ്ര മദ്യനയ രൂപീകരണത്തിന് രൂപീകരിച്ച ജസ്റ്റിസ് ശ്രീ.എം.രാമചന്ദ്രൻ ഏകാംഗ കമ്മീഷൻ റിപ്പോർട്ട് പരിഗണിച്ചും മദ്യരഹിത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി 2014-15-ലെ മദ്യ നയം പ്രഖ്യാപിച്ചു. പ്രസ്തുത മദ്യനയം അനുസരിച്ച് ഫൈവ് സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കു മാത്രമെ പുതുതായി ബാർ ലൈസൻസ് നൽകാൻ വ്യവസ്ഥയുള്ളു. 2014-15 ലെ മദ്യനയം ചോദ്യം ചെയ്തു കൊണ്ട് ബാറുടമകൾ ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത വിവിധ റിട്ട്</td></tr>
<tr><td>(സി)</td><td>സർക്കാർ നിലപാടിന് ഹൈക്കോടതിയിൽ പരിരക്ഷ ലഭിക്കാതെ പോയത് ഏതെല്ലാം കാര്യങ്ങളിലാണ്; എന്തെല്ലാം സാഹചര്യങ്ങളിലാണ്; സർക്കാർ നിലപാട് കോടതിയിൽ സമർത്ഥിക്കുന്നതിന് വീഴ്ച വരികയുണ്ടായോ; വിശദമാക്കുമോ;</td></tr>
</table>

| | | | |
|---|---|---|---|
| | | | പെറ്റീഷനുകളിൽ ബഹു.ഹൈക്കോടതിയുടെ 30.10.2014 ലെ വിധിന്യായത്തിൽ, 4 നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്കും ഹെറിട്ടേജ് വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾക്കും ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള അർഹതയിൽ നിന്നും ഒഴിവാക്കിയ നടപടി പ്രസ്തുത വിധി ന്യായത്തിൽ കോടതി അസ്ഥിരപ്പെടുത്തുകയുണ്ടായി. ഇതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.<br>സർക്കാർ നിലപാട് കോടതിയിൽ സമർത്ഥിക്കുന്നതിന് വീഴ്ച സംഭവിച്ചിട്ടില്ല. |
| (ഡി) | മദ്യനയം പ്രഖ്യാപിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്തായിരുന്നു; യു.ഡി.എഫിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ മദ്യനയത്തിനനുസൃതമായി, സർക്കാരിൻെറ ആദ്യവർഷം തന്നെ നയം രൂപീകരിക്കാൻ കഴിയാതെ പോയതിൻെറ കാരണമെന്തായിരുന്നു; മാനിഫെസ്റ്റോ നിലവിലുണ്ടായിരിക്കെ, ഈ സർക്കാർ പിന്നിട്ട ആദ്യത്തെ 3 വർഷവും പ്രഖ്യാപിച്ച മദ്യനയവും അതിൻ പ്രകാരം നൽകപ്പെട്ട ബാർലൈസൻസുകളും എത്രയായിരുന്നു ? | (ഡി) | കള്ള്ചെത്ത് മേഖലയുമായി ബന്ധപ്പെട്ട 2014-15 വർഷത്തെ മദ്യനയം 12.2.2014-ലെ ജി.ഒ.(എം.എസ്)നം.22/2014/നി.വ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം, 17.8.2011 ലെ ജി.ഒ.(എം.എസ്) നം.107/2011/നി.വ ഉത്തരവ് പ്രകാരം 2011-2012 വർഷത്തേക്കുള്ള മദ്യനയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത മദ്യനയത്തിലെ വ്യവസ്ഥകളനുസരിച്ച് കേരള ഫോറിൻ ലിക്വർ റൂളിൽ കൊണ്ടുവന്ന നിയമ ഭേദഗതികൾ 27.7.2012-ലെ ഡബ്ല്യു.എ.നം.470/12 നമ്പർ കേസിലെ വിധിന്യായമനുസരിച്ച് ബഹു. ഹൈക്കോടതി റദ്ദാക്കിയതിനാൽ, 2011-2012 ലെ മദ്യ നയം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാതെ വരുകയും, കൂടാതെ 2012-2013 വർഷത്തേക്ക് ജി.ഒ (എം.എസ്) 130/12/നിവ അനുസരിച്ച് പ്രഖ്യാപിച്ച മദ്യനയമനുസരിച്ച് നിയമഭേദഗതി കൊണ്ടുവരുവാനും കഴിയാത്ത സാഹചര്യത്തിൽ, സർക്കാർ മേൽപ്പറഞ്ഞ ഹൈക്കോടതി വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി (സി) 26241-26243/12 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. കൂടാതെ ഭാവിയിലെ |

| | | | |
|---|---|---|---|
| | | | സമഗ്ര മദ്യനയം രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിന്, റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ.എം.രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും ചെയ്തു. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിലും സർക്കാർ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി (സി) 26241-26243/12 ലെ സി.എ. നം.3196-3198/2014 നമ്പർ കേസ്സിലെ അന്തിമ വിധിയുണ്ടാകാതിരുന്ന സാഹചര്യത്തിലും, 2013-2014 വർഷത്തെ മദ്യ നയം പ്രഖ്യാപിക്കാൻ കഴിയാതെ വരികയുണ്ടായി. തുടർന്ന് 05.03.2014-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി സി.എ. നം.3196-3198/2014 കേസ്സിൽ അന്തിമ വിധി പുറപ്പെടുവിക്കുകയും, 06.03.2014 ന് ഏകാംഗ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൻേറയും സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ 22.08.2014 ലെ ജി.ഒ(എം.എസ്) നം.139/2014/നി.വ പ്രകാരം 2014-15-ലെ മദ്യനയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ അധികാരമേറ്റ ശേഷം 3 അബ്കാരി നയം പ്രഖ്യാപിക്കുകയും, 31.03.2012 വരെ 33 ലൈസൻസുകളും, 01.04.2012 മുതൽ 31.03.2013 വരെ 26 ലൈസൻസുകളും, 22.01.2014-ൽ ഒരു ബാർ ലൈസൻസും അനുവദിച്ചിട്ടുണ്ട്. ഇതിൽ 38 എണ്ണം കോടതിയുടെ ഉത്തരവനുസരിച്ചാണ് അനുവദിച്ചിട്ടുള്ളത്. ആകെ അനുവദിച്ച 60 ലൈസൻസുകളിൽ 8 എണ്ണം സുപ്രീം കോടതിയുടെ അന്തിമ വിധിക്കനുസരിച്ച് റദ്ദു ചെയ്തിട്ടുണ്ട്. |

Shaina.V

സെക്ഷൻ ഓഫീസർ